പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2038 16.02.2016 ൽ മറുപടിക്ക്

## വിനോദസഞ്ചാരികളെ ആകർഷിക്കാനായുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, ലൂഡി ലൂയിസ്<br>,, എം.എ. വാഹീദ് : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പ് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കർമ്മപദ്ധതി നടപ്പാക്കി യിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യ ങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും താരതമ്യേന ചെലവ് കുറഞ്ഞതുമായ രീതിയിൽ ജലഗതാഗത മേഖലയിൽ ടൂറിസം നടപ്പിലാക്കുന്നതിന് പദ്ധതി മുഖേന ലക്ഷ്യമിടുന്നു. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | കൊല്ലം – ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസും, ആലപ്പുഴ – കൊല്ലം സർവ്വീസും, ആലപ്പുഴ- കുട്ടനാട് പാസഞ്ചർ-കം-ടൂറിസ്റ്റ് സർക്കുലർ ബോട്ട് സർവ്വീസ് 'സീ-കുട്ടനാട്' എന്ന |

| | | | |
|---|---|---|---|
| | | | പേരിലും ആരംഭിച്ചു. വൈക്കം – എറണാകുളം റൂട്ടിലും ആലപ്പുഴ – കുമരകം കോട്ടയം റൂട്ടിലും ടൂറിസ്റ്റുകൾക്കും സാധാരണ യാത്രക്കാർക്കും പ്രയോജനപ്പെടുന്ന തരത്തിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എയർ കണ്ടീഷൻ ഉൾപ്പെടെ സൗകര്യമുള്ള ഓരോ പാസഞ്ചർ -കം-ടൂറിസ്റ്റ് ബോട്ട് വാങ്ങുന്നതിനും പ്രസ്തുത റൂട്ടുകളിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയായി വരികയാണ്. |

സെക്ഷൻ ഓഫീസർ